പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1963 — 22.03.2012-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച മദ്യത്തിന്റെ കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 2010 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെ ബിവറേജസ് കോർപ്പറേഷൻ വഴി എത്ര രൂപയുടെ മദ്യം വിറ്റഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത്, 2010 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെ 6426.85 കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ചു. |
| (ബി) 2011 ജനുവരി 1 മുതൽ 2011 ഡിസംബർ 31 വരെ എന്തു തുകയ്ക്കുള്ള മദ്യമാണ് ബിവറേജസ് വഴി വിറ്റഴിച്ചതെന്നും വ്യക്തമാക്കാമോ ; | (ബി) 2011 ജനുവരി 1 മുതൽ 2011 ഡിസംബർ 31 വരെ, 7604.52 കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ചു. |
| (സി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിന് എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്കിൽ എന്തു സംവിധാനമാണെന്ന് വ്യക്തമാക്കാമോ ? | (സി) എക്സൈസ് വകുപ്പ്, വിദേശമദ്യ ചില്ലറ വിൽപ്പന ഷോപ്പുകളിലും ബാറുകളിലും മറ്റ് വിദേശമദ്യ വിൽപ്പനശാലകളിലും പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച്, ഗവൺമെന്റ് കെമിക്കൽ ലാബിലയച്ച് രാസപരിശോധനാ റിപ്പോർട്ട് വാങ്ങി ശരിയായ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് വിറ്റഴിയുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.